LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകൾ ഏതെല്ലാമാണെന്നും ഈ യൂണിറ്റുകൾ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വന്നതെന്നും അറിയിക്കാമോ?

തിരുവനന്തപുരം നഗരസഭയുടെ കീഴിൽ വട്ടിയൂർക്കാവ്, വിഴിഞ്ഞം, കുടപ്പനക്കുന്ന്, ശ്രീകാര്യം, കഴക്കൂട്ടം എന്നീ കൂട്ടിച്ചേർത്ത 5 പഞ്ചായത്തുകളും തിരുവനന്തപുരം നഗരസഭയും ഉൾപ്പെടെ 6 സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകളാണുള്ളത്. 1-11-2010 -ലെ സ.ഉ.(സാധാ) നമ്പർ 3408/2010/തസ്വഭവ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി സ്വതന്ത്ര രജിസ്ട്രേഷൻ യൂണിറ്റുകൾ നിലവിൽ വന്നത് .

(സി) ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

രജിസ്റ്റർ ചെയ്ത് വെബിലേയ്ക്ക് പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ജനന-മരണ വിവാഹ സർട്ടിഫിക്കറ്റുകളും https://cr.lsgkerala.gov.in/ https:/erp.lsgkerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ (IKM) ചുമതലപ്പെടുത്തിയിട്ടുണ്ട്.

ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ ഭൂമി

378 (5103) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ കൈവശമുള്ള സ്ഥലത്ത് വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവർക്ക് പ്രസ്തുത സ്ഥലം പതിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ ആർ.സി.4/147/2018/ത.സ്വ.ഭ.വ. (ചെമ്മനാട്) ആർ.സി.4/95/2017/ത.സ്വ.ഭ.വ. വർഷങ്ങളായി തീരുമാനത്തിലെത്താതെ ഓഫീസുകൾ മാറി മാറി അയച്ചുകൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഫയൽ നടപടികളിൽ കാലതാമസം വരുത്താതെ പാവപ്പെട്ട താമസക്കാർക്ക് പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ ഗ്രാമപഞ്ചായത്തിലെ സ്ഥലം പതിച്ചുനൽകുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ (ആർസി14/95/2017/ത.സ്വ.ഭ.വ) റവന്യൂവകുപ്പിന്റെ പരിഗണനയിലാണ്. ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ സ്ഥലം പതിച്ചു നൽകുന്നതിനാവശ്യമായ രേഖകളുടെ അഭാവം മൂലമാണ് ഫയലിൽ കാലതാമസം നേരിടുന്നത്. ഭൂമി പതിച്ചു നൽകുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.